# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2286 — 08.12.2015 ൽ മറുപടിക്ക്

### പാലക്കാട് പൊള്ളാച്ചി റെയിൽവെ ഗതാഗതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് - പൊള്ളാച്ചി റെയിൽവെ ഗതാഗതം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആലത്തൂരിൽ ഒരു റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | ആലത്തൂരിനടുത്തായുള്ള വടക്കഞ്ചേരി, നെന്മാറ എന്നീ സ്ഥലങ്ങളിൽ എം.പിമാരുടെ 1000 PRS പദ്ധതി പ്രകാരം അനുവദിച്ച Non Rail Head Passenger Reservation System (NRHPRS) പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ പുതിയ കൗണ്ടറുകൾക്ക് അനുമതി നൽകേണ്ടത് റെയിൽവേ ബോർഡാണ്. |
| (ബി) | ഇതിനായി സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരുമായി ചർച്ച നടത്തുമോ; | (ബി) യും<br>(സി) യും | ആലത്തൂരിന് വളരെ അടുത്തായിട്ടുള്ള വടക്കഞ്ചേരി, നെന്മാറ എന്നീ സ്ഥലങ്ങളിൽ റിസർവേഷൻ സൗകര്യം നിലവിലുള്ള സ്ഥിതിക്ക് ആലത്തൂരിൽ നിന്നുള്ളവർക്ക് പ്രസ്തുത സ്ഥലങ്ങളിലെ റിസർവേഷൻ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| (സി) | ഇത്തരം പൊതുജനതാല്പര്യ വിഷയങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതികമായ തടസ്സങ്ങൾ മാറ്റി നിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ